**ശ്രദ്ധക്ഷണിക്കൽ**

(1) ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാരുടെ പ്രശ്നപരിഹാരത്തിനായി കമ്മീഷനെ നിയോഗിക്കൽ

ശ്രീ. പ്രമോദ് നാരായൺ: സർ, ‘ എത്ര ചവർപ്പ് കുടിച്ചു വറ്റിച്ചു നാം ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ’ എന്നതുപോലെ സാമൂഹ്യനീതിയുടെയും സമത്വത്തിന്റെയും മധുരം നുണയാൻ ഇനിയും കഴിയാത്ത, അത്തരം അവകാശങ്ങളെല്ലാം നിഷേധിക്കപ്പെടുന്നതിനാൽ കയ്പ് കുടിച്ചുവറ്റിച്ച് ജീവിക്കേണ്ടിവരുന്ന പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കാൻ ആ വിഭാഗത്തിൽനിന്നുകൂടി പ്രാതിനിധ്യം ഉള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മീഷൻ രൂപീകരിച്ച് സമയബന്ധിതമായി ശിപാർശകൾ നടപ്പിലാക്കണമെന്ന പ്രശ്നത്തിലേയ്ക്ക് സഭയുടെയും സർക്കാരിന്റെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ശ്രേണീകൃതമായ ജാതിവ്യവസ്ഥയുണ്ടായിരുന്ന കേരളത്തിൽ ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ആളുകൾ പരിവർത്തനം ചെയ്തതിന്റെ ചരിത്ര പശ്ചാത്തലം നമുക്കെല്ലാവർക്കുമറിയാം. പക്ഷെ ഇപ്പോഴും നാം അവരുടെ സാമൂഹ്യനില പരിഗണിക്കുമ്പോൾ തേഞ്ഞുപോയ

നാണയങ്ങൾപോലെ കേരളത്തിന്റെ തൊഴിൽ, സാമൂഹ്യ, സാമ്പത്തിക മണ്ഡലങ്ങളുടെ പുറമ്പോക്കിലേയ്ക്ക് വലിച്ചെറിയപ്പെട്ട, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളായി അവർ നിൽക്കുകയാണ്. പരിവർത്തിത ക്രൈസ്തവരുടെ സാമൂഹ്യനില സംബന്ധിച്ച് യഥാർത്ഥത്തിൽ പരിഹരിക്കാനും വിവേചനം അവസാനിപ്പിക്കാനുമുള്ള സമഗ്രമായ ശ്രമങ്ങൾ ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ജനസംഖ്യാനുപാതികമായ സംവരണം പരിവർത്തിത ക്രൈസ്തവർക്ക് ലഭിക്കണമെന്ന ആവശ്യം കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ ഉയർന്നിട്ടുണ്ട് എന്നുള്ളതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘടന നൽകുന്ന സംവരണ ആനുകൂല്യങ്ങളൊന്നും കവർന്നെടുക്കാതെ, അട്ടിമറിക്കപ്പെടാതെതന്നെ ആ വിഭാഗത്തിന് സംവരണം നൽകണമെന്ന ആവശ്യമാണ് കാലങ്ങളായി ഉയർന്നു വരുന്നത്. ജസ്റ്റിസ് രംഗനാഥ് മിശ്ര കമ്മീഷന്റെ റിപ്പോർട്ടും കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ടും പരിഗണനയിലുണ്ട്. പക്ഷെ കേരളത്തിൽപ്പോലും ഈ വിഭാഗങ്ങൾ എത്ര പേരുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. 1965-ലാണ് ജസ്റ്റിസ് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ്

കേരളത്തിലെ വിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള സംവരണം സംബന്ധിച്ച് നിർദ്ദേശങ്ങളുണ്ടായത്. ജസ്റ്റിസ് കുമാരപിള്ള കമ്മീഷൻ 1965-ൽ തയ്യാറാക്കിയ ജനസംഖ്യയുടെ കണക്കും 1968-ലെ നെട്ടൂർ പി. ദാമോദരൻ പോറ്റി കമ്മീഷൻ തയ്യാറാക്കിയ കണക്കും ഏറ്റവും ഒടുവിൽ 2019-ൽ ശോഭ ബി. നായർ കമ്മീഷൻ റിപ്പോർട്ടിലും പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യയെക്കുറിച്ച് പറയുന്ന കണക്കുകൾ പരസ്പരവിരുദ്ധമാണ്. ജനസംഖ്യയുടെ കണക്കുമാത്രം പഠിച്ചാൽ പോര. ഈ പ്രശ്നത്തെ ഒരു സിംഗിൾ ആക്സസ് ഫ്രെയിം വർക്കിൽ  പരിഹരിക്കാനും കഴിയില്ല.  ആ വിഭാഗത്തിലെ ജനങ്ങളുടെ സാമൂഹികമായ പിന്നാക്കാവസ്ഥ, വിദ്യാഭ്യാസ രംഗത്ത് അവർക്ക് കടന്നുവരാൻ കഴിയാത്തതിന്റെ പ്രശ്നങ്ങൾ, സാമൂഹികമായി ജാതിയുടെ അടരുകൾ ഇപ്പോഴും സൃഷ്ടിക്കുന്ന തടസ്സങ്ങൾ, സ്വത്തിന്മേൽ അവർക്ക് വേണ്ടത്ര അവകാശമില്ലാത്തത്, കെ.എ.എസ്. പോലെയുള്ള പരീക്ഷകളിൽ അവർക്ക് കടന്നുവരാൻ കഴിയാത്തത് തുടങ്ങിയ എല്ലാ പ്രശ്നങ്ങളെയും സമഗ്രമായി പഠിക്കണമെങ്കിൽ ഒരു സോഷ്യോ-ഇക്കണോമിക് സർവ്വേ നടത്തണം.  ഇതിനായി ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഒരു കോടി രൂപ

ബഡ്ജറ്റിൽ നീക്കിവച്ചു. പക്ഷെ നമുക്ക് സോഷ്യോ-ഇക്കണോമിക് സർവ്വേ നടത്താൻ സാധിച്ചില്ല. ഇക്കാര്യത്തിൽ നമുക്കെടുക്കാൻ കഴിഞ്ഞ സമീപനമെന്നത് പരിവർത്തിത ക്രൈസ്തവ വിഭാഗത്തിനായി 1980-ൽ ഒരു കോർപ്പറേഷൻ ആരംഭിച്ചു എന്നതാണ്. ഞാൻ അഭിമാനത്തോടെ പറയട്ടെ, അന്ന് ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് ആദരണീയനായ കെ. എം. മാണി ആയിരുന്നു കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചത്. കോർപ്പറേഷൻ കഴിഞ്ഞ മൂന്ന് വർഷങ്ങളായി വായ്പ നൽകുന്നുണ്ട്. പക്ഷെ വായ്പകൾ പരിഷ്കരിക്കാൻ നമുക്ക് കഴിയുന്നില്ല. കാലാനുസൃതമായ പരിഷ്കരണമുണ്ടാകണം. വിദ്യാഭ്യാസ രംഗത്തുള്ള പിന്നാക്കാവസ്ഥയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇതൊരു സാമൂഹ്യനീതിയുടെ പ്രശ്നമായി കേരളമാകെ ഉയർത്തികൊണ്ടുവന്നിട്ടുണ്ട്. Kerala Catholic Bishops' Council (KCBC)-യുടെ ചെയർമാൻ അഭിവന്ദ്യനായ ക്ലീമിസ് തിരുമേനിയും ചങ്ങനാശ്ശേരി അതിരൂപതകൾ ഉൾപ്പെടെയുള്ള രൂപതകളും ക്രൈസ്തവ വിഭാഗങ്ങളും കേരളത്തിലെ മാനവിക പോരാട്ടത്തിന് മുന്നിൽ നിൽക്കുന്ന എല്ലാ ആളുകളും ഈ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെടുകയാണ്. പരിവർത്തിത

ക്രൈസ്തവരെ ഇനിയും ഇങ്ങനെ പുറത്തുനിർത്താൻ നമുക്കാവില്ല. പോരാട്ടമാണ് മോചനത്തിനുള്ള ഏറ്റവും വലിയ മാർഗ്ഗമെന്ന് പറഞ്ഞത് ഡോ. ബി. ആർ. അംബേദ്കറാണ്. നമുക്ക് ഇക്കാര്യത്തിൽ നിശബ്ദരായിരിക്കാൻ അവകാശമില്ലെന്ന് പറഞ്ഞുകൊണ്ട് പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലുള്ളവരെക്കൂടി ഉൾപ്പെടുത്തി സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിലെ പിന്നാക്കാവസ്ഥ സമഗ്രമായി പഠിക്കാൻ ഒരു കമ്മീഷനെ രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പരിഹാരം കാണണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 52-ൽ ഉൾപ്പെടുന്ന സമുദായമാണ് പരിവർത്തിത ക്രൈസ്തവ വിഭാഗം. പട്ടികജാതിക്കാർക്ക് സമാനമായ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നേരത്തെ ശിപാർശ ചെയ്ത വിഭാഗമാണെങ്കിലും ഇതുവരെ കേന്ദ്ര സർക്കാർ പട്ടികജാതി

പദവി ലഭ്യമാക്കിയിട്ടില്ല. എന്നാൽ പട്ടികജാതി വിഭാഗത്തിലേയ്ക്ക് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തെ മറ്റ് അർഹവിഭാഗം പട്ടികയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ ലഭ്യമാക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ സർവ്വീസിലുള്ള സംവരണത്തിൽ ക്ലാസ് 4 തസ്തികയിൽ 2 ശതമാനവും ക്ലാസ് 4 ഒഴികെയുള്ള തസ്തികയിൽ ഒരു ശതമാനവും സംവരണം അനുവദിച്ചുവരുന്നുണ്ട്. ജസ്റ്റിസ് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി പരിവർത്തിത ക്രൈസ്തവർക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ മേഖലയിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ആർട്സ് ആൻഡ് സയൻസ് ബിരുദം എന്നിവയിലെ പ്രവേശനത്തിന് പ്രത്യേകമായി ഒരു ശതമാനം സംവരണവും കൂടാതെ പ്രൊഫഷണൽ ബിരുദ കോഴ്സുകൾ, മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സ്, എം.ടെക്. കോഴ്സുകൾ എന്നിവയിലെ പ്രവേശനത്തിന് എസ്.ഐ.യു.സി. വിഭാഗങ്ങൾക്കൊപ്പം ഒരു ശതമാനം സംവരണവും പങ്കിടുന്നുണ്ട്. സ്കൂൾ, കോളേജ് പ്രവേശനത്തിന്

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റുകളിൽ പരിവർത്തിത ക്രൈസ്തവർ ഉൾപ്പെടുന്ന ഒ.ഇ.സി. വിഭാഗങ്ങൾക്ക് സംവരണം ലഭിക്കുന്നുണ്ട്. ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന പരിവർത്തിത ക്രൈസ്തവ വിഭാഗം വിദ്യാർത്ഥികൾക്ക് 2023 മുതൽ ഒ.ഇ.സി. ഗ്രാന്റിനുപുറമെ ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പുകൾക്കും മൈനോരിറ്റി സ്കോളർഷിപ്പ് അനുവദിക്കുന്നില്ലെങ്കിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. പത്താം ക്ലാസ്സിനുശേഷം ടി വിഭാഗങ്ങൾക്ക് ഒ.ഇ.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്ന നിലയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണനിലയിൽ ലഭ്യമാകുന്ന എല്ലാ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കും നിലവിൽ അനുവദിച്ചുവരുന്നുണ്ട്. ഇതിനുപുറമെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒ.ഇ.സി. വിഭാഗങ്ങൾക്കായി നടത്തുന്ന എല്ലാ പദ്ധതികളും പരിവർത്തിത ക്രൈസ്തവർക്കുകൂടി ബാധകമാക്കിയാണ് സർക്കാർ അനുവദിച്ചുവരുന്നത്. Employability Enhancement Programme എന്ന

പദ്ധതി പ്രകാരം പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് മുഖേന വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾക്ക് അതായത് മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിംഗ് സർവ്വീസ് തുടങ്ങിയവയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. എൽ.എൽ.ബി. കഴിഞ്ഞവർക്ക് അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നതിന് കോഴ്സ് കഴിഞ്ഞ് മൂന്ന് വർഷം അഭിഭാഷക ഗ്രാന്റും വിദേശപഠന ഗ്രാന്റായി 10 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. ഈ പദ്ധതിയുടെയെല്ലാം ആനുകൂല്യം പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭിച്ചുവരുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന എല്ലാ വായ്പാപദ്ധതികളും പരിവർത്തിത ക്രൈസ്തവ സമുദായത്തിൽപ്പെട്ടവർക്കും ലഭ്യമാകുന്നു. പരിവർത്തിത ക്രൈസ്തവരുടെയും പട്ടികജാതിയിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട മറ്റ് സമുദായ വിഭാഗക്കാരുടെയും സാമ്പത്തിക അഭിവൃദ്ധിക്കായി കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗവികസന കോർപ്പറേഷൻ നിലവിൽ നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. വിവിധ വിദ്യാഭ്യാസ പദ്ധതികളും സ്റ്റാർട്ട്അപ്പ്

വായ്പകളും നൽകിവരുന്ന കോർപ്പറേഷൻ പരിവർത്തിത ശിപാർശിത വിഭാഗ പെൺകുട്ടികൾക്ക് 3.5 ശതമാനം പലിശ നിരക്കിലും ആൺകുട്ടികൾക്ക് 4 ശതമാനം പലിശ നിരക്കിലും 10 ലക്ഷം രൂപ വരെ വിദേശപഠന വായ്പ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കായി വിവിധ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കോർപ്പറേഷൻ നടപ്പാക്കി വരുന്നുണ്ട്. പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01-02-2024-ന് ബഹുമാനപ്പെട്ട മന്ത്രിമാർ, ഉദ്യോഗസ്ഥർ, സംഘടനാ പ്രതിനിധികൾ എന്നിവർ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന ഇൻസെന്റീവ് ഗ്രാന്റ് 2024-25 സാമ്പത്തിക വർഷത്തിൽ പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗവികസന കോർപ്പറേഷന്റെ ലാഭവിഹിതത്തിൽനിന്നും നൽകിവരുന്നു. പരിവർത്തിത ക്രൈസ്തവർ ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗത്തിൽപ്പെട്ട സമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ നിലവിലുണ്ട്. മേൽ സാഹചര്യത്തിൽ പരിവർത്തിത ക്രൈസ്തവരുടെ

പ്രശ്നങ്ങൾ പഠിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഏറെ ജനവിഭാഗമുള്ള റാന്നി മണ്ഡലത്തിൽ കോർപ്പറേഷന് പ്രത്യേക ഓഫീസ് തുറക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അക്കാര്യം പരിശോധിച്ചശേഷം മറുപടി പറയാം.

(2) അങ്കമാലി-ശബരി റെയിൽപാത

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്കമാലി-ശബരി റെയിൽവേ പദ്ധതി അനിശ്ചിതമായി നീളുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെക്കുറിച്ചും കേരളത്തിന്റെ പ്രതീക്ഷകൾ വിഫലമാകുന്നതിനെക്കുറിച്ചും റെയിൽവേ പദ്ധതി വേഗത്തിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയിലേയ്ക്കുമാണ് ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്.

കാൽ നൂറ്റാണ്ടിലേറെയായി കേരളം പ്രതീക്ഷയോടെ കാത്തിരിക്കുന്ന പദ്ധതിയാണ് ശബരി റെയിൽവേ പാത. ഈ പദ്ധതി നടപ്പാക്കാൻ കഴിയാത്തത് പൊതുവേ നമ്മുടെ സംസ്ഥാനത്തിന് അപമാനവും വികസന വഴിയിലൂടെ നമ്മുടെ മുന്നേറ്റത്തിനേറ്റ കനത്ത പ്രഹരവുമാണ്. നിലവിൽ 264 കോടി രൂപയുടെ നികുതി പണം ഉപയോഗിച്ച് 8 കിലോ മീറ്റർ റെയിൽവേ പാതയും കാലടി റെയിൽവേ സ്റ്റേഷനും ഒരു കിലോ മീറ്റർ ദൈർഘ്യത്തിൽ പെരിയാറിന് കുറുകെ റെയിൽവേ പാലവും നിർമ്മിച്ചുകഴിഞ്ഞിരിക്കുകയാണ്. എന്നാൽ കഥ അവിടെ അവസാനിക്കുന്നു. ഇന്ന് ആ സ്റ്റേഷനും പാലവും സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിരിക്കുകയാണ്. കേരളത്തിന് പുതിയതായി 14 റെയിൽവേ സ്റ്റേഷനുകളും ഇടുക്കി ജില്ലയ്ക്ക് റെയിൽവേ കണക്ടിവിറ്റിയും ലഭ്യമാക്കുന്നതുമായ അങ്കമാലി-ശബരി റെയിൽവേ തിരുവനന്തപുരത്തിനുള്ള സമാന്തര റെയിൽവേയായി വികസിപ്പിക്കാനാകുന്നതും എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഗതാഗത സൗകര്യങ്ങളിൽ വൻവികസനം സാധ്യമാക്കുന്നതുമായ വിഴിഞ്ഞം തുറമുഖം വരെ

നീട്ടാവുന്നതുമായ പദ്ധതിയാണ്. പെരുമ്പാവൂരിലെ 540 പ്ലൈവുഡ് വ്യവസായ യൂണിറ്റുകൾക്കും കോതമംഗലം നെല്ലിക്കുഴിയിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഫർണിച്ചർ നിർമ്മാണ ക്ലസ്റ്ററിനും മൂവാറ്റുപുഴ നെല്ലാടിലെ ഫുഡ് പാർക്കിനും കേരളത്തിൽ ഉപയോഗിക്കുന്ന അരിയുടെ 80 ശതമാനം സംസ്കരിക്കുന്ന കാലടിയിലെ അരി മില്ലുകൾക്കും തൊടുപുഴയിലെ കിൻഫ്ര സ്പൈസസ് പാർക്കിനും റെയിൽവേ സൗകര്യം ലഭ്യമാകുന്നതും പൈനാപ്പിൾ, ഏലം, കുരുമുളക്, റബർ തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ റോ-റോ സർവ്വീസിലൂടെ കയറ്റുമതി ചെയ്യുന്നതിനും അങ്കമാലി-ശബരി റെയിൽവേ പദ്ധതി സഹായകരമാണ്. പെരുമ്പാവൂരിൽനിന്ന് ശരാശരി 500 ട്രക്ക് പ്ലൈവുഡും ഇന്ത്യയുടെ പൈനാപ്പിൾ സിറ്റിയായ വാഴക്കുളത്തുനിന്ന് ശരാശരി 250 ട്രക്ക് പൈനാപ്പിളും ദിനംപ്രതി ദേശീയ-അന്തർദേശീയ മാർക്കറ്റുകളിലേയ്ക്ക് നിലവിൽ ബുദ്ധിമുട്ടിയാണ് കയറ്റി അയയ്ക്കുന്നത്. അത് ഈ ശബരി പാതയിലൂടെയായാൽ കർഷകർക്ക് വളരെ സഹായകരമാകും. ഇരുപത്തിയഞ്ച് വർഷമായി പുതിയൊരു റെയിൽവേ ലൈൻപോലും നിർമ്മിക്കാത്ത ഏക ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം. അങ്കമാലി-ശബരി റെയിൽവേ പാതയുടെ

നിർമ്മാണ ചെലവ് പങ്കിടാൻ 07-01-2001-ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചശേഷം 2023-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് അങ്കമാലി-ശബരി റെയിൽ പാതയുടെ നിർമ്മാണ ചെലവ് പങ്കിടുന്നത് സംബന്ധിച്ച് റീ-അഷ്വറൻസ് നൽകിയിട്ടുള്ളതാണ്. സംസ്ഥാന ബജറ്റിൽനിന്ന് വർഷം 400 കോടി രൂപവച്ച് അഞ്ച് വർഷത്തേയ്ക്ക് അനുവദിച്ചോ, കൊങ്കൺ റെയിൽവേ പദ്ധതിക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുടെ എസ്.പി.വി. വിദേശ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ലോൺ എടുത്തതുപോലെ കെ.ആർ.ഡി.സി. വഴി ലോൺ എടുത്തോ അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ട ഫണ്ട് കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്കമാലി മുതൽ രാമപുരംവരെ 72 കിലോമീറ്റർ ദൂരത്തിൽ പദ്ധതിക്കുവേണ്ടി റവന്യൂ വകുപ്പും റെയിൽവേയും ചേർന്ന് 2021-ൽ കല്ലിട്ട് തിരിച്ചിട്ടുള്ളതാണ്. കല്ലിട്ട് തിരിച്ച സ്ഥലങ്ങൾ ആരും വാങ്ങാൻപോലും കഴിയാതെയും ഈട് വച്ച് വായ്പയെടുക്കാൻ കഴിയാതെയും പുതിയ വീടുകൾ വയ്ക്കാൻ കഴിയാതെയും സ്ഥലമുടമകൾ വലിയ പ്രതിസന്ധിയിലാണ്. ആയതിനാൽ

കെ.ആർ.ഡി.സി.എൽ. തയ്യാറാക്കി അങ്കമാലി-ശബരി റെയിൽവേയുടെ പുതിയ എസ്റ്റിമേറ്റ് സംസ്ഥാന സർക്കാരിന് കോമ്പീറ്റന്റ് അതോറിറ്റി അംഗീകരിക്കണമെന്നും നിർമ്മാണ ചെലവ് പങ്കിടുന്നതിനെ സംബന്ധിച്ച് റെയിൽവേയ്ക്ക് റീ-അഷ്വറൻസ് കത്ത് നൽകണമെന്നും ഇതുമായി ബന്ധപ്പെട്ട് മുൻ മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. ബാബുപോൾ കൺവീനറായ ശബരി റെയിൽവേ ആക്ഷൻ കൗൺസിലിന്റെ ആവശ്യമെന്ന നിലയിലും ഇക്കാര്യത്തിൽ ഉടനെ നടപടി സ്വീകരിച്ച് സഹായിക്കണമെന്നും അഭ്യർഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ബഹുമാനപ്പെട്ട അംഗം എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ഏറ്റവും ആവശ്യമായിട്ടുള്ള ഒന്നാണിതെന്ന് ഗവൺമെന്റിനുതന്നെ ബോധ്യമുണ്ട്. 1997-98 സാമ്പത്തിക വർഷത്തിലാണ് റെയിൽവേ ലൈനിനുവേണ്ടിയുള്ള തുക അന്നത്തെ ബജറ്റിൽ ഉൾപ്പെടുത്തിയത്. ശബരി റെയിൽവേ ലൈൻ

അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനവും നടത്തുകയുണ്ടായി. ഇതിനെത്തുടർന്ന് എരുമേലിവരെയുള്ള അലൈൻമെന്റ് സംസ്ഥാന സർക്കാർ അംഗീകരിക്കുകയും അങ്കമാലി-രാമപുരം വരെയുള്ള 70 കിലോമീറ്റർ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പൂർണ്ണമായും എടുക്കുകയും ചെയ്തതാണ്. 1997-98 മുതൽ ആ ഭാഗത്തെ കർഷകരടക്കമുള്ള സാധാരാണക്കാരുടെ വീടുകൾ ഫ്രീസ് ചെയ്ത രൂപത്തിലാണ് നിലവിലുള്ളത്. ധാരാളം പരാതികൾ ആ ഭാഗത്തുനിന്നും ലഭിക്കുന്നുണ്ടെന്ന വസ്തുത ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും മതിയായ തുക ബജറ്റിൽ വകയിരുത്തുന്നതിനുംവേണ്ട നടപടി സ്വീകരിക്കാൻ നിരവധി തവണ കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മുഖ്യമന്ത്രിയുൾപ്പെടെ പ്രധാനപ്പെട്ടവരെല്ലാം അഭ്യർത്ഥിച്ചതാണ്. അവസാനമായി, ഇതുമായി ബന്ധപ്പെട്ട പുതിയ നടപടികൾ സ്വീകരിക്കുന്നതിനായി റെയിൽവേ മുന്നോട്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 2021-ൽ ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി നേരിട്ട് കൂടിക്കാഴ്ച നടത്തിയിരുന്നു. അങ്കമാലി-ശബരി റെയിൽവേ പദ്ധതിയുമായി

ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് അന്നത്തെ റെയിൽവേ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അശ്വിനി വൈഷ്ണവ് ഉറപ്പ് നൽകിയതാണ്. സംസ്ഥാനത്ത് റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ നിരവധി തവണ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും നിരവധി കത്തുകൾ അയച്ചതുമാണ്. അങ്കമാലി റെയിൽവേ പാത പദ്ധതി പ്രധാന അജണ്ടയായി വന്നിട്ടുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റുപ്രകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും 2023-ൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായ പ്രൊഫ. കെ. വി. തോമസ് 27-03-2023-ലെ ഡി.ഒ. കത്ത് നമ്പർ 13-VIP/Spl.REP/2023 പ്രകാരം കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് അദ്ദേഹത്തിന്റെ ഇടപെടൽ ആവശ്യമായ അങ്കമാലി-ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് കത്ത് വീണ്ടും അയയ്ക്കുകയുണ്ടായി. ഇതുമായി

ബന്ധപ്പെട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തു. കൂടാതെ, അങ്കമാലി-എരുമേലി-ശബരി റെയിൽ പാത വിവിധ റെയിൽ പദ്ധതികൾക്കായി 30-06-2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് അടിയന്തര ഇടപെടലിനായി കത്തെഴുതിയിട്ടുണ്ട്. പദ്ധതിക്കായി റെയിൽവേയിൽനിന്നും അനുകൂലമായ തീരുമാനം ലഭിക്കേണ്ടതുണ്ട്. അങ്കമാലി-ശബരി റെയിൽ പാതയുടെ പദ്ധതി തുക ആദ്യം 2,815 കോടി രൂപയായിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസം കാരണം എസ്റ്റിമേറ്റ് തുക 3,811 കോടി രൂപയായി വർദ്ധിച്ചു. ഇതുകാരണം സംസ്ഥാന സർക്കാരിന് ഭീമമായ ബാധ്യതയാണ് ഉണ്ടാകുന്നത്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചിരുന്നു. ഇതുസംബന്ധിച്ച് LiDAR Survey നടത്തുകയും വിവിധ തലങ്ങളിൽ നടത്തിയ യോഗങ്ങളുടെയും അടിസ്ഥാനത്തിൽ അങ്കമാലി-എരുമേലി-ശബരി പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം 02-09-2023-ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും വിശദീകരിച്ചുകൊണ്ടും പദ്ധതിയുടെ

എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഇപ്പോൾ അധികാരമേറ്റ കേന്ദ്ര സർക്കാരിലെ റെയിൽവേ വകുപ്പുമന്ത്രിക്ക് റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ 21-06-2024-ൽ വിശദമായ കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരും കേന്ദ്ര റെയിൽവേ മന്ത്രാലയവുമാണ് തുടർനടപടി സ്വീകരിക്കേണ്ടത്. പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ തുടർനടപടി ഇനിയുമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞങ്ങൾ കുറെ വർഷങ്ങളായി ഈ മറുപടിതന്നെ കേട്ടുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ കാലഘട്ടത്തിൽ പുതിയതായി നിർമ്മാണം ആരംഭിക്കാൻ അങ്ങേയ്ക്ക് കഴിയുമോ; അതോടൊപ്പം അങ്കമാലി-ശബരി റെയിൽവേ പാതയുടെ പുതുക്കിയ എസ്റ്റിമേറ്റിനൊപ്പം പ്രസ്തുത പദ്ധതിയുടെ ചെലവ് സംസ്ഥാനം പങ്കിടുമെന്ന് ഉറപ്പുനൽകുന്ന കത്ത് കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോ; അങ്ങ് ഈ വർഷം ഫെബ്രുവരിയിൽ മറുപടി

നൽകിയത് പരിശോധയിലാണെന്നാണ്. എന്നാൽ കത്ത് കൈമാറിയിട്ടുണ്ടോയെന്ന കാര്യം വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അങ്കമാലി-ശബരി റെയിൽ പാത പദ്ധതിയുടെ തുക അംഗീകരിച്ച് എസ്റ്റിമേറ്റ് 2,815 കോടി രൂപയായിരുന്നു. അതിന്റെ അമ്പത് ശതമാനം വഹിക്കാമെന്ന് 07-01-2021-ലെ ജി.ഒ. എം.എസ്. നമ്പർ 1/2020-21 Trans ഉത്തരവുപ്രകാരം സർക്കാർ കേന്ദ്രത്തെ അറിയിച്ചതാണ്. എന്നാൽ പദ്ധതിയുടെ പുതുക്കിയ തുക 3,811 കോടി രൂപയാണ്. എസ്റ്റിമേറ്റ് തുകയിൽ 36 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസംമൂലമാണ് എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയായത്. ഇതുകാരണം സംസ്ഥാനത്തിന് അധിക ബാധ്യതയുണ്ടായിരിക്കുന്നു. സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന വരുമാനംപോലും നിഷേധിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനാസ്ഥ സംഭവിക്കുന്നതുവഴിയുണ്ടാകുന്ന അധിക ബാധ്യത സംസ്ഥാനം വഹിക്കണമെന്ന കാര്യം ന്യായമാണോയെന്ന് പരിശോധിക്കേണ്ടതാണ്. എന്നാൽ അങ്കമാലി-ശബരി റെയിൽ പാതയുടെ

ആവശ്യകത മുൻനിർത്തികൊണ്ടുതന്നെ ഈ പാത നിർമ്മിക്കുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി റെയിൽവേയെ ഇനിയും സമീപിക്കും. ആവശ്യമായ ഘട്ടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് അധിക വായ്പ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുക്കുകയാണെങ്കിൽ ഈ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് പൂർണ്ണമായും സമ്മതമാണ്. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഈ പാതയുടെ ആവശ്യകത കേരളം മനസ്സിലാക്കുന്നുവെന്നുകൂടി അങ്ങയെ അറിയിക്കുകയാണ്.